**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപടിക്രമം**
**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.**
**(ഹാജർ: ഡോ:ശ്രീറാം.വി, ഐ. എ. എസ്.)**

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്- ജീവനക്കാര്യം-സീനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്) തസ്തികയിലേക്ക് റേഷ്യോ പ്രൊമോഷൻ ഉത്തരവാകുന്നത്- സംബന്ധിച്ച്.

പരാമർശം :- 1) 26/02/2011 തീയതിയിലെ സ ഉ (പി) 85/2011/Fin നമ്പർ കത്ത്.

2) 10/02/2021 തീയതിയിലെ സ ഉ (പി) 27/2021/Fin നമ്പർ കത്ത്.

3) ഈ കാര്യാലയത്തിലെ 31 /01 /2024-ലെ ADFW/12955/2023-SB3 നമ്പർ ഉത്തരവ്.

4) ഈ കാര്യാലയത്തിലെ 08/12/2024-ലെ ഇതേ നമ്പർ ഉത്തരവ്.

5) 31/12/2024 തീയതിയിലെ സ ഉ (സാധാ) നമ്പർ 1237/2024/AGRI. നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ് നമ്പർ ADFW/6954/2022-SB3 തീയതി . 14-02-2025**

പരാമർശം (1), (2) ശമ്പള പരിഷ്ക്കരണ ഉത്തരവുകൾ പ്രകാരം സീനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമുഷ്ഠിക്കുന്ന ജീവനക്കാരിൽ 25% ജീവനക്കാർക്ക് 56300- 118100 രൂപ ശമ്പള സ്കെയിലിൽ ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം വകുപ്പിൽ ആകെ അനുവദിക്കപ്പെട്ടിട്ടുള്ള 29 സീനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന 7 ജീവനക്കാർക്ക് ഹയർ ഗ്രേഡ് ലഭിക്കുന്നതിന് അർഹതയുണ്ട്.പരാമർശം(3) പ്രകാരമുള്ള സീനിയർ സൂപ്രണ്ട് തസ്തികയിലെ നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ 18 വരെയുള്ള ജീവനക്കാർക്ക് സീനിയർ സൂപ്രണ്ട് തസ്തികയിൽ ഹയർ ഗ്രേഡ് പരാമർശം(4) പ്രകാരം അനുവദിച്ച നൽകിയിട്ടുണ്ട്. സീനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്) തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ജീവനക്കാരൻ വിരമിക്കുകയോ / ഉദ്യോഗക്കയറ്റം ലഭിക്കുകയോ ചെയ്താൽ വകുപ്പിൽ സീനിയറായ അടുത്ത ജീവനക്കാരന് സീനിയർ സൂപ്രണ്ട്(ഹയർ ഗ്രേഡ്) തസ്തികയിലേക്ക് റേഷ്യോ പ്രൊമോഷൻ ലഭിക്കുന്നതിന് അർഹതയുണ്ട്.

പരാമർശം(5) പ്രകാരം ശ്രീമതി സരിത ആർ, സീനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ് , PEN NO: 151799) -ന് അക്കൗണ്ട്സ് ഓഫീസർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം ലഭിച്ചതുമൂലമുണ്ടായ ഒരു ഒഴിവിലേക്ക് പരാമർശം(3) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സീനിയർ സൂപ്രണ്ടുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 19 ആയ ശ്രീ കൃഷ്ണൻ കുട്ടി ആർ ന് റേഷ്യോ പ്രൊമോഷൻ അനുവദിക്കാവുന്നതാണ്.

മേൽ വിവരിച്ച സാഹചര്യത്തിൽ പരാമർശം(3) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള വകുപ്പിലെ സീനിയർ സൂപ്രണ്ട് / അക്കൗണ്ടന്റ് തസ്തികയിലെ 31 /10 /2023 വരെയുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 19 ആയിട്ടുള്ള ഈ കാര്യാലയത്തിലെ സീനിയർ സൂപ്രണ്ട് ശ്രീ കൃഷ്ണൻ കുട്ടി ആർ, PEN NO:428033 56300-118100 രൂപ ശമ്പള സ്കെയിലിൽ **31/12/2024** തീയതി പ്രാബല്യത്തിൽ സീനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്) തസ്തികയിലേക്ക് റേഷ്യോ പ്രൊമോഷൻ

അനുവദിച്ചു നൽകി ഇതിനാൽ ഉത്തരവാകുന്നു.

ശ്രീ കൃഷ്ണൻ കുട്ടി ആർ നിലവിലെ തസ്തിക സീനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ് ) / അക്കൗണ്ടന്റ് (ഹയർ ഗ്രേഡ്) എന്ന് താത്കാലികമായി ഉയർത്തി നിശ്ചയിച്ചുകൊണ്ടും നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയത്തിൽ സേവനത്തിൽ തുടരാൻ അനുവദിച്ചു കൊണ്ടും ഉത്തരവാകുന്നു.

ടിയാൾക്ക് കെ എസ് ആർ ഭാഗം 1 ചട്ടം 28 എ പ്രകാരം ശമ്പള നിർണ്ണയത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. ബന്ധപ്പെട്ട നിയന്ത്രണാധികാരി ടിയാളുടെ ശമ്പള നിർണ്ണയം നടത്തുന്നതിന് മുന്നോടിയായി ചട്ടപ്രകാരമുള്ള സമ്മതപത്രം എഴുതി വാങ്ങേണ്ടതും ആയവ ബന്ധപ്പെട്ട ഡ്രായിങ് ആൻറ് ഡിസ്ബർസിങ് ഓഫീസർ മേലൊപ്പ് വെച്ച് അക്കൗണ്ടന്റ് ജനറലിന് അയച്ചു നൽകേണ്ടതാണ്.

Sd/-
Dr Sriram Venkitaraman IAS
DIRECTOR

സ്വീകർത്താവ്

ശ്രീ. കൃഷ്ണൻ കുട്ടി .ആർ,സീനിയർ സൂപ്രണ്ട്, R W സെക്ഷൻ

പകർപ്പ്

1) അക്കൗണ്ടന്റ് ജനറൽ (A&E), (തിരുവനന്തപുരം)
2) ബിൽസ് സെക്ഷൻ
3) ഐ റ്റി സെൽ -വെബ്സൈറ്റിൽ പബ്ലിഷ് ചെയ്യുന്നതിനായി
4) ഫയൽ/കരുതൽ അധികം

SENIOR SUPERINTENDENT
Directorate of Agriculture
Development and Farmers' Welfare Department
Vikas Bhavan, Tvpm-695 033